## കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

നം.ഇ1-4219/2020 തീയതി: 15.06.2021

### സർക്കുലർ നം. 11/2021-2022

വിഷയം: കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് എറണാകുളം- ദിവസ വേതന /കരാർ അടിസ്ഥാനത്തിൽ നിയമിതരായിട്ടുള്ള ജീവനക്കാർക്ക് കോവിഡ് പശ്ചാത്തലത്തിൽ സർക്കാർ പ്രഖ്യാപിച്ച ലോക്ക് ഡൗൺ കാലയളവിൽ ജോലിക്ക് ഹാജരാകാൻ സാധിക്കാതിരുന്ന ദിവസങ്ങൾ ഡ്യൂട്ടിയായി പരിഗണിച്ച് വേതനം അനുവദിക്കുന്നത് സംബന്ധിച്ച്.

പരാമർശം: (1) 21.04.2021-ലെ സ.ഉ.(സാധാ)നം.378/2021/ദു.നി.വ.
(2) 22.04.2021-ലെ ബോർഡ് സർക്കുലർ നം.03/2021-2022
(3) 06.05.2021 തീയതിയിലെ സ.ഉ.(സാധാ)നം.406/2021/ഡി.എം.ഡി.
(4) 14.06.2021-ലെ സ.ഉ.(അച്ചടി)നം.82/2021/ധന.

കോവിഡ് രോഗവ്യാപനം തടയുന്നതുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ സംബന്ധിച്ച് ദുരന്ത നിവാരണ വകുപ്പിന്റെ പരമർശം(1) ഉത്തരവ് പ്രാബല്യത്തിൽ വന്നത് മുതൽ 2021 മേയ് മാസം 8-ആം തീയതി ലോക്ക് ഡൗൺ പ്രഖ്യാപിച്ച തീയതിവരെ പ്രവൃത്തിദിനങ്ങളുടെ 50%മോ അതിലധികമോ ദിവസങ്ങൾ ദിവസവേതന/കരാർ ജീവനക്കാർ ജോലിയ്ക്ക് ഹാജരായിട്ടുണ്ടെങ്കിൽ ടി കാലയളവിൽ ഹാജരാകേണ്ടിയിരുന്ന മുഴുവൻ പ്രവൃത്തി ദിവസങ്ങളും ഡ്യൂട്ടിയായി കണക്കാക്കി വേതനം നല്കുന്നതിനും 50-ശതമാനത്തിൽ കുറവ് ദിവസങ്ങളിലാണ് ജോലിയ്ക്ക് ഹാജരാകുന്നതെങ്കിൽ ഹാജരാകുന്ന ദിവസങ്ങളിലേയ്ക്ക് മാത്രം വേതനം നല്കുന്നതിനും 2021 മേയ് മാസം 8-ആം തീയതി മുതൽ സമ്പൂർണ്ണ ലോക്ക് ഡൗൺ പ്രാബല്യത്തിലുള്ള തീയതി വരെ അവശ്യ സർവീസുകളിലുള്ളവർ ഓഫീസിൽ എത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയും, ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുള്ള ഓഫീസുകളിലെ ദിവസ/കരാർ വേതന ജീവനക്കാർ വർക്ക് ഫ്രം ഹോം കൃത്യമായി നിർവഹിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഓഫീസ് മേധാവികൾ പരിശോധിച്ച് ഉറപ്പു വരുത്തിയും, അടിയന്തിര ഘട്ടങ്ങളിൽ മേലുദ്യോഗസ്ഥർ ആവശ്യപ്പെടുകയാണെങ്കിൽ ദിവസ/കരാർ വേതന ജീവനക്കാർ ഓഫീസിൽ ഹാജരാകുന്നുണ്ടെന്ന് ഉറപ്പുവരുത്തിയും, ലോക്ക് ഡൗൺ പ്രവൃത്തിദിനങ്ങളിലെ വേതനം മുഴുവനായി നൽകുന്നതിനും പരമർശം(4) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഓഫീസ് മേധാവികൾക്ക് ഇതിനാൽ അനുമതി നൽകുന്നു.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ്(I/C)

സ്വീകർത്താവ്

എല്ലാ ജില്ലാ കമ്മിറ്റി/ കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയാകമ്മിറ്റി/ സബ് ഓഫീസ് ചെയർമാൻമാർ.

പകർപ്പ്

ഫിനാൻസ് ഓഫീസർ/ സെക്രട്ടറി, കേ.ചു.തൊ.ക്ഷേമ ബോർഡ്, എറണാകുളം
അക്കൗണ്ട്സ് ഓഫീസർ (W&E, P&A, IA, സ്റ്റാറ്റേർഡ്)
ജൂനിയർ സൂപ്രണ്ട് (ക്യാഷ്, ഫിനാൻസ്, ഓഡിറ്റ്, പെൻഷൻ & റ്റി.ബി.പി.എഫ്, സ്റ്റാറ്റേർഡ്, വെൽഫെയർ)
ഇ2, ഇ5, എഫ്1, എഫ്4, സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി, ബോർഡിന്റെ വെബ്സൈറ്റ്.

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്

KERALA HEADLOAD WORKERS WELFARE BOARD ERNAKULAM